# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 ലക്കം 6 നവംബർ – ഡിസംബർ 2022



# പാറശ്ശാല കാത്തലിക് ബൈബിൾ കൺവെൻഷൻ



















പാറശ്ശാല ഭദ്രാസന പാസ്റ്ററൽ സെന്ററിനായ് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ കല്ലിടീൽ ശുശ്രൂഷ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി നിർവഹിക്കുന്നു

# പാറശ്ശാല

## ഭദ്രാസന ബുള്ളറ്റിൻ

വാല്യം 5 നവംബർ – ഡിസംബർ 2022 ലക്കം 6

ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സഭാ വാർത്തകൾ | 6 |
| ഭദ്രാസന വാർത്തകൾ | 8 |
| വിശ്വാസ പരിശീലന കാര്യാലയം | 11 |
| കെ.സി.എസ്.എൽ. | 12 |
| എം.സി.വൈ.എം. | 13 |
| എം.സി.എ. | 18 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 20 |
| ക്ഷേമ | 21 |
| മാതൃവേദി | 25 |
| സുവിശേഷസംഘം | 26 |
| വിദ്യാഭ്യാസം | 26 |



TO BE EVERYTHING TO EVERYONE IN CHRIST

*Patron*
His Excellency
Thomas Mar Eusebius


*Chief Editor*
Fr. Abin Mullackal

*Managing Editor*
Msgr. Selin Jose Konathuvila

*Printed & Published By*
Very Rev. Fr. Bijoy Ooralivila

*(Private Circulation Only)*

# ഇടയശബ്ദം



## ക്രിസ്തുമസ് - ദൈവത്തിന്റെ ചക്രവാളം

പ്രിയ സഹോദരീസഹോദരന്മാരേ,

ഓരോ വർഷവും നാം സഭാപരമായി ആഘോഷിക്കുന്ന പെരുന്നാളുകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ നമ്മുടെ കർത്താവിന്റെ ജനനപെരുനാൾ - ക്രിസ്തുമസ്. ക്രിസ്തുവിന്റെ രക്ഷണ്യ കർമത്തിന്റെ മർമ്മങ്ങളുടെ ആത്മീയാഘോഷമായ പെരുന്നാളുകൾ നമ്മുടെ വിശ്വസജീവിതത്തിന്റെ കൂട്ടായ പ്രഘോഷണവും ആഘോഷവും മാത്രമല്ല. പിന്നെയോ, സമകാലീന ജീവിതയാഥാർഥ്യങ്ങളെ കൂടുതൽ സുവിശേഷീകരിക്കുവാനുള്ള ഒരു ആഹ്വാനവും അവ ഉൾക്കൊള്ളുന്നുണ്ട്. നാം ജീവിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ ക്രിസ്തുവിന്റെ മനുഷ്യാവതാര പെരുന്നാൾ നമ്മിൽ നിന്നും ആവശ്യപ്പെടുന്ന സുവിശേഷ നിയോഗത്തിന്റെ പ്രധാന ഊന്നൽ എന്തായിരിക്കണം എന്നതാണ് പ്രസക്തമായ ചിന്ത.

വ്യക്തികളുടെയും സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും സാംഗത്യം നിലനിർത്തേണ്ടത് നിരന്തരമായ ആത്മശോധനയിലൂടെയും ആത്മവിമർശനത്തിലൂടെയുമാണ്. സമകാലീന സംസ്കാരത്തിന്റെ ക്ഷയങ്ങളെക്കുറിച്ചുള്ള അവബോധവും വിമർശനവുമാണ് കൂടുതൽ പ്രസക്തമായ ഒരു സംസ്കൃതിയിലേക്കു പ്രവേശിക്കുവാനും ജീവിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നത്. എല്ലാ സംസ്കാരങ്ങൾക്കും കാലം മൂലം സംഭവിക്കുന്ന ചില ജീർണതകളുണ്ടാകാം. ഒരു സംസ്കാരത്തിന്റെ ചലനാത്മകത കുടികൊള്ളുന്നത് ഈ ജീർണതകളെ അതിജീവിച്ചു ആ സംസ്കാരത്തെ സംഗതമാക്കുവാനുള്ള അതിന്റെ കഴിവിലാണ്.

സമകാലീന സംസ്കാരത്തിന്റെ പ്രകടമായ ഒരു ജീർണത, ചുരുങ്ങുന്ന മനസ്സുകളുടെ സാന്നിധ്യമാണ്. ഇത് ഒരു ആഗോളപ്രതിഭാസമായി നാമിന്ന് അനുഭവിക്കുന്നു. നാം ജീവിക്കുന്ന കാലഘട്ടത്തിൽ എത്ര വേഗത്തിലാണ് രാഷ്ട്രങ്ങൾ അതിലേക്കുതന്നെ ചുരുങ്ങുന്നതും ഇടുങ്ങിയ ദേശീയ, വംശീയ, ജാതിയ പരിഗണകളിൽ പൂട്ടപ്പെടുന്നതും

രാഷ്ട്രം, ദേശം, രാഷ്ട്രീയം, മതം, ജാതി, സമുദായം, ഭാഷ ഇവയിലൊക്കെ അധിഷ്ഠിതമായ വളരെ വികലമായ ഒരു സ്വത്വബോധം നമ്മെ ഭരിക്കുന്ന ഒരു അവസ്ഥ ഇന്ന് നിലവിലുണ്ട്. ഞാൻ ഉൾപ്പെട്ടതിനെ മാത്രം സ്വന്തമായി കരുതുവാനും മറ്റുള്ളവയെല്ലാം വെറുക്കപ്പെടേണ്ട, എതിർക്കപ്പെടേണ്ട അന്യങ്ങളായി കരുതുവാനുമുള്ള ഒരു പ്രവണത നമ്മുടെ ഇടയിൽ ശക്തമായി വളരുന്നുണ്ട്. അമിതമായ, ഊതിവീർപ്പിച്ച സ്വത്വബോധം ആപത്താണ്. അത് തിന്മയാണ്. പാപമാണ്, പരോക്ഷമായ പരനിഷേധമാണ് എന്ന സത്യം വിസ്മരിക്കപ്പെടുന്നു. വെറുപ്പിന്റെ ഒരു സംസ്കാരം നമ്മുടെ ഉള്ളിലും മധ്യേയും രൂഢമൂലമാകുന്നു ഞാനല്ലാത്ത, എന്റേതല്ലാത്ത എല്ലാത്തിനെയും വിവേചനപൂർവം വീക്ഷിക്കുവാനും (discriminate) വെറുക്കുവാനും വെമ്പുന്ന ഒരു സാംസ്കാരിക പ്രത്യേകത. ഉള്ളിലെ വെറുപ്പിന്റെ അലയടികൾ അപരനെ പൂർണമായും അകറ്റുവാൻ എന്നെ നിർബന്ധിക്കുന്നു. അപരനോടുള്ള അറപ്പ് മുഖമുദ്രയായി മാറിയ ഒരു സംസ്കാരം 'എക്സ്ക്ലൂസിവിസം' (exclusivism) അതിന്റെ സാധ്യമായ അശ്ലീലതയിൽ അഭിരമിക്കുന്ന ഒരു സംസ്കാരം.

ഇവിടെയാണ് ദൈവത്തിന്റെ മനുഷ്യാവതാരരഹസ്യത്തിൽ വെളിവാകുന്ന സാകല്യം സർവ്വതിനേയും ഉൾകൊള്ളുന്ന അവസ്ഥ - നാം മനസ്സിലാക്കേണ്ടത്. ക്രൈസ്തവ ദൈവശാസ്ത്രം അനുസരിച്ചു ദൈവത്തിന്റെ സ്വത്വം തന്നെ ഒരു സംപൂർണതയാണ്. ഈ സമഗ്രതയുടെ വിപുലീകരണമാണ് മനുഷ്യാവതാരം. മനുഷ്യനെയും അവന്റെ എല്ലാ ജീവിതാനുഭവങ്ങളെയും ജീവിതാവസ്ഥകളെയും അവന്റെ പൊതുഭവനമായ ഈ പ്രപഞ്ചത്തെയും അതിലെ എല്ലാ യാഥാർഥ്യങ്ങളെയും ഉൾകൊള്ളുവാനുള്ള ദൈവീകരിക്കുവാനുള്ള ദൈവിക സ്വത്വത്തിന്റെ തുറവിയാണ് ദൈവത്തിന്റെ മനുഷ്യാവതാരം. പ്രപഞ്ചത്തിൽ നിറവേറിയ മുഴുവൻ ക്രിസ്തുരഹസ്യങ്ങളും ഈ തുറവിയുടെ പ്രകാശനമായിരുന്നു. ആരെയും മാറ്റിനിർത്താത്ത, എല്ലാത്തിനെയും ഉൾകൊള്ളുന്ന ദൈവികമായ തുറവി - ഇൻക്ലൂസീവ്നെസ്സ് (inclusiveness) പാവപ്പെട്ട ഒരു സ്ത്രീയുടെ മാതൃത്വം പുൽകുന്നതുവഴി, ഒരു പുൽത്തൊഴുത്തിന്റെ പരിമിതിയിൽ പിറവികൊള്ളുന്നതുവഴി, നീതിമാനായ ഒരു തൊഴിലാളിയുടെ പിതൃസംരക്ഷണത്തിനു

വിധേയനാകുന്നതുവഴി, പാവപ്പെട്ടവരെയും പാപികളെയും ഭിന്നശേഷിക്കാരെയും ചേർത്തുപിടിക്കുകയും ഉദ്ധരിക്കുകയും ചെയ്യുകവഴി, ഈ ഭൂമിയെയും അതിലെ സർവചരാചരങ്ങളെയും തന്റെ സവിശേഷമായ കടാക്ഷത്തിനും പരിഗണനക്കും വിധേയമാക്കുകവഴി, ഭൂമിയിൽ അവതരിച്ച ദൈവപുത്രൻ തന്റെ മനുഷ്യാവതാരം ദൈവികമായ സർവാശ്ലേഷത്തിന്റെ ഭൂമിയിലെ പ്രകാശനമാക്കി മാറ്റി. മാറ്റി നിർത്തേണ്ടതായി ഒന്നുമില്ല. പാപമൊഴികെ – എന്ന് ക്രിസ്തുവിന്റെ ജീവിതം നമ്മെ പഠിപ്പിച്ചു. ഈ പ്രപഞ്ചം ദൈവത്തിന്റെ ഭവനമാണെന്നും, നാമേവരും സർവ പ്രപഞ്ചയാഥാർഥ്യങ്ങളും ഈ ഭവനാംഗങ്ങളാണെന്നും, നാമേവരും ഒരു സ്നേഹബന്ധത്തിൽ സംയോജിതരാകേണ്ടവരാണെന്നും ദൈവം തന്റെ മനുഷ്യാവതാരം മുഖേന നമ്മെ പഠിപ്പിച്ചു.

ക്രിസ്തുമസ് പ്രപഞ്ചത്തോളം വിശാലമായ ഒരു ലോകം സ്വന്തമാക്കുവാനുള്ള ആഹ്വാനമാണ്. ചെറിയ ലോകത്തിലെ വലിയ മനുഷ്യരായിരിക്കുന്നതിനെക്കാൾ മഹത്വം വലിയ ലോകത്തിലെ ചെറിയ മനുഷ്യരായിരിക്കുന്നതാണ്. സ്വന്തം വലിപ്പത്തേക്കാൾ പ്രധാനം. ആയിരിക്കുന്ന ഇടത്തിന്റെ വലിപ്പമാണ് എന്ന സത്യം നാം പലപ്പോഴും മറന്നു പോകുന്നു. ഒരു ഇൻക്ലൂസിവ് (inclusive) ജീവിത ദർശനത്തിനു മാത്രം നമ്മെ പഠിപ്പിക്കുവാൻ സാധിക്കുന്ന ഒരു പാഠമാണിത്. നാം ആയിരിക്കേണ്ട ലോകം രൂപപ്പെടുന്നത് പ്രധാനമായും നമ്മുടെ ഉള്ളിലാണ്. ഒരുവന്റെ ഉള്ളിന്റെ വലിപ്പമാണ് അവന്റെ ലോകത്തിന്റെ വലിപ്പം എല്ലാറ്റിനെയും വിവേചനമന ഒരു സ്നേഹാശ്ലേഷത്തിൽ ചേർത്തുനിർത്തുവാനുള്ള ഒരുവന്റെ സന്നദ്ധതയാണ് അവന്റെ ഉള്ളിന്റെ വലിപ്പവും അവന്റെ ലോകത്തിന്റെ വ്യാപ്തിയും നിർണ്ണയിക്കുന്നത്.

ഇന്നത്തെ സംസ്കാരത്തിന്റെ ഒരു ന്യൂനത 'ബിംബാരാധന' യാണല്ലോ. നമ്മുടെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ വളർന്നു വരുന്ന ഒരു പ്രവണതയാണിത്. അടിയാന്മാരായ അനുയായികളിൽ നിന്നും ആരാധനയും അനുസരണയും അവകാശപ്പെടുന്ന മനുഷ്യ അനുയായികളിൽ ബിംബങ്ങളുടെ സാന്നിധ്യം സമകാലീന സംസ്കാരത്തിൽ പ്രബലമാണ്. ഈ ബിംബങ്ങളൊക്കെ പലപ്പോഴും വളരെ ചെറിയ ലോകത്തിൽ ജീവിക്കുന്ന 'വലിയ' മനുഷ്യരാണ് എന്നതാണ് യാഥാർഥ്യം. നേരെമറിച്ച്, വലിയ ലോകത്തിൽ ജീവിക്കുവാൻ സ്വയം

ചെറുതാകുവാൻ സന്നദ്ധമാകുന്ന ഒരു സംസ്കാരമാണ് ക്രിസ്തുമസ് നമ്മെ പഠിപ്പിക്കുന്നത്. എന്റെ ഹൃദയചക്രവാളത്തിന്റെ അതിരുകളുടെ വികാസം, എന്റെ ഈഗോയുടെ സ്വാർത്ഥതയുടെ നിരാസമാണ്. എന്റെ ലോകം വലുതാകുന്നതിനനുസരിച്ചു ഞാൻ സ്വയം ചെറുതാകുവാൻ തയ്യാറാകുന്ന ഒരു ഡയലക്റ്റിക്സ്' (dialectics) ആണ് ക്രിസ്തുമസിന്റെ മർമ്മം. പ്രപഞ്ചത്തോളം വലിയ ലോകം ഉള്ളിൽ രൂപം കൊള്ളുവാൻ ഭൂമിയോളം താഴുവാൻ ഒരുവൻ സന്നദ്ധമാകണം എന്നാണിതിന്റെ അർഥം. ഇപ്രകാരം വലിയ ലോകത്തിൽ ജീവിക്കുവാൻ സ്വയം ചെറുതാകുന്നവനാണ് യഥാർത്ഥത്തിൽ വലിയ മനുഷ്യൻ. ദൈവത്തിന്റെ അതിരുകളില്ലാത്ത ചക്രവാളത്തിലേക്ക് പ്രവേശിക്കുവാൻ, നമ്മെ ക്ഷണിക്കുന്നു. സ്വയം അപ്രധാനരാകുവാൻ, നിസ്സാരരാകുവാൻ ക്രിസ്തുമസ് നമ്മെ ക്ഷണിക്കുന്നു.

ഏവർക്കും അനുഗ്രഹീതമായ ക്രിസ്തുമസും ദൈവകൃപനിറഞ്ഞ പുതുവത്സരവും ഞാൻ സ്നേഹപൂർവം ആശംസിക്കുന്നു.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 28–ാമത് ഓർമ്മപ്പെരുന്നാൾ



ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 28–ാം ഓർമ്മപ്പെരുന്നാൾ 2022 ഒക്ടോബർ 10 ന് ആഘോഷിച്ചു. 2022 ഒക്ടോബർ 9–ാം തീയതി ഞായറാഴ്ച നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാ നഗറിലെ കോളേജ് ചാപ്പലിൽ നിന്നും ആരംഭിച്ചു പട്ടം സെന്റ് മേരീസ് കത്തീഡ്രലിലെ പുണ്യ പിതാവിന്റെ കബറിങ്കലേക്ക് വരെ എം.സി. എ.യുടെ നേതൃത്വത്തിൽ ശാന്തിയാത്ര നടത്തപ്പെട്ടു. തുടർന്ന് 6 മണിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ സന്ധ്യാനമസ്കാരവും കബറിങ്കൽ ധൂപ പ്രാർത്ഥനയും നടന്നു.

ഓർമ്മപ്പെരുന്നാൾ ദിവസമായ ഒക്ടോബർ 10 ന് രാവിലെ 6.30 ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാർമിക ത്വത്തിൽ വി. കുർബാന അർപ്പിക്കപ്പെട്ടു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തിയഡോഷ്യസ്, ആന്റണി മാർ സിൽവാനോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, മാത്യൂസ് മാർ പോളി കാർപ്പസ് എന്നീ പിതാക്കന്മാർ, ബഥനി സന്യാസ സമൂഹം സുപ്പീരിയർ ജനറൽ പെരിയ ബഹു. മത്തായി കടവിൽ OIC അച്ചൻ, വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറൽ അച്ചന്മാർ, വൈദികർ എന്നിവർ സഹകാർമികരായി. അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്ക്കോപ്പാ വചനസന്ദേശം നൽകി. വി. കുർബാനയെ തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. നേർച്ചവിതരണത്തോടെ ഓർമ്മപ്പെരുന്നാൾ സമാപിച്ചു.

## കെസിബിസിയുടെ 'കരുതൽ' ഹെൽപ്പ് ലൈൻ

ലഹരി, പ്രണയ കെണികളിൽ അകപ്പെടുന്നവരുടെ എണ്ണം നിയന്ത്ര ണാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ കെ.സി.ബി.സി. ജാഗ്രത കമ്മീഷന്റെ മേൽനോട്ടത്തിൽ, കേരളത്തിലെ മുപ്പത്തിരണ്ട് രൂപതകളി ലെയും ജാഗ്രത സമിതികളുടെ നേതൃത്വത്തിൽ, വിവിധ കെ.സി.ബി.സി. കമ്മീഷനുകളുടെയും സഭാ സംവിധാനങ്ങളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന, കേരളമൊട്ടാകെ വ്യാപ്തിയുള്ള കർമ്മപദ്ധതിയാണ് 'കരുതൽ'.

നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം എന്നിങ്ങനെ മൂന്ന് വ്യത്യസ്ത തലങ്ങളിലാണ് കരുതൽ സംബന്ധമായ പ്രവർത്തനങ്ങൾ നടക്കുക. പരിചയസമ്പന്നരും പ്രഗത്ഭരുമായ കൗൺസിലർമാർ, നിയമ വിദഗ്ധർ, പുനരധിവാസ, കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങിയവ പദ്ധതി യുടെ ഭാഗമായുണ്ടാകും. കേരളത്തിൽ ഉടനീളം നടത്തപ്പെടുന്ന ബോധവത്കരണ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമാണ്.


പദ്ധതിയുടെ ഭാഗമായി കേരളത്തിൽ വിവിധ ഇടങ്ങളിലായി കൗൺസിലിങ്, റിഹാബിലിറ്റേഷൻ സെന്ററുകൾ സജ്ജമാണ്. നിയ മപരമായ സഹായങ്ങൾ, ഉപദേശങ്ങൾ തുടങ്ങിയവയ്ക്കായി വിദഗ് ധരായ നിയമജ്ഞരും പദ്ധതിയോട് സഹകരിക്കുന്നു. വിദഗ്ധരായ

കൗൺസിലർമാരും, സുരക്ഷിതമായ പുനരധിവാസ കേന്ദ്രങ്ങളുമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കപ്പെട്ടിരിക്കുന്നത്. കൗൺസിലിംഗ്, നിയമ സഹായം, പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾക്കും, വിവരങ്ങൾ അറിയിക്കാനുമുള്ള ഹെൽപ്പ് ലൈൻ നമ്പർ: **+91 756 100 5550.**

---

# ഭദ്രാസന വാർത്തകൾ

## പാറശ്ശാല കാത്തലിക് ബൈബിൾ കൺവെൻഷൻ



6-ാ മത് പാറശ്ശാല കാത്തലിക് ബൈബിൾ കൺവെൻഷൻ 2022 നവംബർ 14 മുതൽ 20 വരെ പാറശ്ശാല സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയങ്കണത്തിൽ വച്ച് നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബി

യോസ് തിരുമേനി അധ്യക്ഷനായിരുന്നു. ഫാ. ജേക്കബ് മഞ്ഞളി വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. എല്ലാ ദിവസവും വൈകുന്നേരം 4.45 മുതൽ ജപമാല, സന്ധ്യാനമസ്ക്കാരം, വി. കുർബാന, ഗാനശുശ്രൂഷ, വചനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന എന്നിവ ഉണ്ടായിരുന്നു.

## വൈദികരുടെ വാർഷിക ധ്യാനം

പാറശ്ശാല ഭദ്രാസന വൈദികരുടെ വാർഷിക ധ്യാനം 2022 നവംബർ 20 മുതൽ 25 വരെ കന്യാകുമാരി സ്റ്റെല്ല മാരിസ് ട്രെയിനിംഗ് സെന്ററിൽ വച്ച് നടന്നു. ധ്യാനത്തിന് ബഹു. ഫാ. ജേക്കബ് കട്ടിപ്പറമ്പിൽ വി. സി. നേതൃത്വം നൽകി.

## പാറശ്ശാല ഭദ്രാസന പാസ്റ്ററൽ സെന്റർ



പാറശ്ശാല ഭദ്രാസന പാസ്റ്ററൽ സെന്ററിനായ് വിഴിഞ്ഞം കല്ലുവെട്ടാംകുഴി ദൈവാലയത്തിന് സമീപം നിർമ്മിക്കുന്ന കെട്ടിടത്തിന്റെ കല്ലിടീൽ ശുശ്രൂഷ 2022 നവംബർ 30-ാം തീയതി ബുധനാഴ്ച വൈകുന്നേരം 3.30 ന് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി നിർവഹിച്ചു. ബഹു. വൈദികരും വിശ്വാസികളും സന്നിഹിതരായിരുന്നു.


## അഭിനന്ദനങ്ങൾ



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബി. എഡും കെ-ടെറ്റും പാസ്സായ റവ. ഫാ. ജെറോം കുന്നിൻപുറത്തിന് പാറശ്ശാല ഭദ്രാസനത്തിന്റ അഭിനന്ദനങ്ങൾ.

# മിഷൻ വാർത്തകൾ

## പ്രധാന വാതിൽ സ്ഥാപന ശുശ്രൂഷ



കള്ളിയൽ ദൈവാലയത്തിലെ പ്രധാന വാതിലിന്റെ സ്ഥാപന ശുശ്രൂഷ 2022 നവംബർ 17-ാം തീയതി പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി നിർവഹിച്ചു. ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള സഹകാർമ്മികനായിരുന്നു. ഇടവക വികാരി ഫാ. അബിൻ മുല്ലയ്ക്കൽ ശുശ്രൂഷയ്ക്ക് വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# വിശ്വാസ പരിശീലന കാര്യാലയം



## സൺഡേ സ്കൂൾ സന്ദർശനം

സൺഡേസ്കൂൾ രൂപത കാര്യാലയത്തിൽ നിന്ന് ക്രമീകരിക്കുന്ന ഇടവക സന്ദർശനം ഫെബ്രുവരി മാസം നടത്തപ്പെടുന്നു. സന്ദർശനത്തിൽ സൺഡേസ്കൂൾ രജിസ്റ്ററുകൾ പരിശോധിക്കുകയും എം.സി.സി.എൽ. ഭാരവാഹികൾക്കും വിശ്വാസ പരിശീലകർക്കും കുട്ടികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

## പ്രഥമ അധ്യാപക സംഗമം

പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലെയും വിശ്വാസ പരിശീലന ക്ലാസുകളിലെ പ്രഥമ അധ്യാപകരുടെ സംഗമം, 2023 ജനുവരി 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ബാലരാമപുരം മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. 10, 12 ക്ലാസുകളിലെ സർട്ടിഫിക്കറ്റുകൾ അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

## എം.ബി.ഒ.സി. രജിസ്ട്രേഷൻ

പാറശ്ശാല ഭദ്രാസനത്തിലെ ഈ വർഷത്തെ എം.ബി.ഒ.സി. ക്ലാസുകൾ 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇടവകകളിൽ എം.ബി.ഒ.സി. നടത്തുവാൻ ആഗ്രഹിക്കുന്ന വൈദികർ മാർച്ച് മാസം 31-ാം തീയതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ഡിഗ്രി കോഴ്സ്

പാറശ്ശാല ഭദ്രാസനത്തിൽ നിലവിലുള്ള അധ്യാപകർക്ക് സൺഡേസ്കൂൾ ഡിഗ്രി പരീക്ഷ എഴുതുവാനുള്ള അവസരം ക്രമീകരിച്ചിരിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം സംക്ഷേപമാണ് പാഠ്യഭാഗം. 1995 ന് മുൻപ് ജനിച്ച അനധ്യാപകർക്കും ഈ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ഫെബ്രുവരി 28.

# കെ.സി.എസ്.എൽ.

## കെ.സി.എസ്.എൽ. കലോത്സവം




കെ.സി.എസ്.എൽ. കലോത്സവം 'ധ്വനി', 2022 ഡിസംബർ 10-ാം തീയതി ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. റവ. ഫാ. ബിജോയ് ഊരാളിവിള ഉദ്ഘാടനം ചെയ്തു.

## കെ.സി.എസ്.എൽ. സെൻട്രൽ കൗൺസിൽ മീറ്റിംഗ്



കെ.സി.എസ്.എൽ. സംസ്ഥാനതല സെൻട്രൽ കൗൺസിൽ മീറ്റിംഗ് കൊച്ചി പി.ഒ.സിയിൽ വച്ച് സംഘടിപ്പിച്ചു. കെ.സി.എസ്.എൽ. പാറശ്ശാല ഭദ്രാസന ഡയറക്ടർ റവ. ഫാ. ജെറോം കുന്നിൻപുറത്ത് മീറ്റിംഗിൽ സംബന്ധിച്ചു.



# എം.സി.വൈ.എം.

## ഹെസദ് 2022

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സഭാതല യുവജനദിനഘോഷം ഹെസദ് 2022 പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആനന്ദപ്പള്ളി ദൈവാലയത്തിൽ വച്ച് 2022 ഒക്ടോബർ 9 ഞായറാഴ്ച നടന്നു. അഭിവന്ദ്യരായ സാമുവേൽ മാർ ഐറേനിയോസ്, വിൻസെന്റ് മാർ പൗലോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, മാത്യൂസ് മാർ പോളിക്കാർപ്പസ് തുടങ്ങിയ മെത്രാപ്പോലീത്താമാർ സംബന്ധിച്ച യുവജന ദിനാഘോഷത്തിൽ വി. കുർബാന, സെമിനാർ, പൊതുസമ്മേളനം, യുവജനറാലി എന്നിവ സംഘടിപ്പിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ആയിരത്തി അഞ്ഞൂറോളം യുവജനങ്ങൾ പങ്കെടുത്ത ഹെസദ് 2022 ആവേശോജ്ജ്വലമായിരുന്നു. പാറശ്ശാല ഭദ്രാസനത്തിൽ നിന്ന് അൻപതോളം യുവജനങ്ങൾ യുവജനദിനാഘോഷത്തിൽ പങ്കെടുത്തു.

## അസ്സീസിയൻ ഉത്സവ് 2022

പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ കലാവാസന പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിച്ച അസ്സീസിയൻ ഉത്സവ് യൂണിറ്റ്-ജില്ലാ തലങ്ങളിൽ പൂർത്തിയാക്കി സമാപന മത്സരങ്ങൾ ഭദ്രാസനതലത്തിൽ 2022 ഒക്ടോബർ 24 തിങ്കളാഴ്ച നടന്നു. ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടന്ന അസ്സീസിയൻ ഉത്സവിൽ 5 വൈദിക ജില്ലകളിൽ നിന്നായി ഇരുന്നൂറോളം യുവജനങ്ങൾ പങ്കാളികളായി. രാവിലെ നടന്ന പൊതുസമ്മേളനം ഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്തു. തുടർന്ന് രണ്ടുവേദികളിലായി വിവിധ കലാമത്സരങ്ങൾ വ്യക്തിഗത-സംഘയിനങ്ങളായി നടന്നു. അസ്സീസിയൻ ഉത്സവിന്റെ സമാപന സമ്മേളനം ഭദ്രാസന അദ്ധ്യക്ഷൻ




അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സാഹിത്യോത്സവത്തിൽ ഓവറോൾ നെയ്യാറ്റിൻകര വൈദിക ജില്ലയും, കലാമത്സരത്തിൽ ഓവറോൾ പാറശ്ശാല വൈദിക ജില്ലയും അസ്സീസിയൻ ഉത്സവിന്റെ ഓവറോൾ കിരീടം പാറശ്ശാല വൈദിക ജില്ലയും സ്വന്തമാക്കി. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, ഭദ്രാസന പ്രസിഡന്റ് ശ്രീ ശരത്‌ലാൽ റ്റി.എസ്. എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതി മത്സരങ്ങൾക്ക് നേതൃത്വം നൽകി.

## അസ്സീസിയൻ സെനാക്കിൾ- കാട്ടാക്കട

യുവജന സുന്നഹദോസ്, അസ്സീസിയൻ സെനാക്കിളിന്റെ നാലാമത്തെ സമ്മേളനം കാട്ടാക്കട വൈദികജില്ലയിലെ യുവജനങ്ങൾക്കുവേണ്ടി 2022 നവംബർ 6 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നെല്ലിക്കാട് ഫാദർ ഫിലിപ്പ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. ജില്ലാ ആനിമേറ്റർ സി. ദീപാ ജോസ് ഡി.എം. എം.സി.വൈ.എം. പതാക ഉയർത്തി. ഭദ്രാസന പ്രസിഡന്റ് ശ്രീ ശരത് ലാൽ റ്റി.എസ്.ന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ പിയൂഷ് പോൾ ഏവർക്കും സ്വാഗതം ആശംസിച്ചു. ഭദ്രാസന അസി.



ഡയറക്ടർ ബഹു. ഫാ. വിമൽ വിൻസെന്റ് ആമുഖ സന്ദേശം നൽകി. ജില്ലാ വികാരി ബഹു. ഫാ. തോമസ് പൊറ്റപ്പുരയിടം അസ്സീസിയൻ സെനാക്കിൾ ഉദ്ഘാടനം ചെയ്തു. സുന്നഹദോസ് തീം, യുവജന ങ്ങൾ സഹയാത്രികർ എന്ന വിഷയം ഭദ്രാസന ഡയറക്ടർ ബഹു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് അവതരിപ്പിച്ചു. തുടർന്ന് യുവജനങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് മുൻകൂട്ടി തയ്യാറാക്കി നൽകിയ ചോദ്യങ്ങൾ അടിസ്ഥാനമാക്കി വിഷയം ചർച്ച ചെയ്തു. റിപ്പോർട്ടവതരണ സമ യത്ത് ജില്ലാ വൈദിക സെക്രട്ടറി ബഹു. ഫാ. ബോസ്കോ ചാലറ യ്ക്കൽ മോഡറേറ്ററായിരുന്നു. കണ്ടല യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. എബി ആറ്റുപുറത്ത് സമാപന സന്ദേശം നൽകി. സഭാതല സിൻഡിക്കേറ്റ് ജിജോ ഇമ്മാനുവേൽ ഏവർക്കും കൃതജ്ഞതയർപ്പി ച്ചു. വിവിധ ഇടവകകളിൽ നിന്നായി 250ഓളം യുവജന പ്രതിനിധി കൾ സംബന്ധിച്ച യുവജന സുന്നഹദോസ് സമാപനപ്രാർത്ഥനയോടും സ്നേഹഭോജനത്തോടുംകൂടി സമാപിച്ചു. ക്രമീകരണങ്ങൾക്ക് ഭദ്രാ സന സമിതിയും ജില്ലാ സമിതിയും കണ്ടല യൂണിറ്റും നേതൃത്വം നൽകി.

## അസ്സീസിയൻ സൗഹൃദതീരം

പാറശ്ശാല ഭദ്രാസനത്തിലെ യൂണിറ്റ്-ജില്ലാ-രൂപതാ തല ഭാര വാഹികളുടെ സംഗമം 2022 നവംബർ 13 ഞായറാഴ്ച് ഉച്ചയ്ക്കുശേഷം അടിമലത്തുറ ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. തദവസരത്തിൽ യൂണിറ്റ് പ്രസിഡന്റുമാർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. തദവസ രത്തിൽ യൂണിറ്റുകളുടെ ചുമത വഹിക്കുന്ന വനിതാ പ്രസിന്റുമാരെ പ്രത്യേകം ആദരിച്ചു. സൗഹൃദത്തിലെ സ്വാതന്ത്ര്യം എന്ന വിഷയം

നെയ്യാറ്റിൻകര ജില്ലാ ഡയറക്ടർ ബഹു. ബിജോയി ഊരാളിവിളയച്ചൻ അവതരിപ്പിച്ചു. കവിതകളിലൂടെ സ്വതസിദ്ധമായ ശൈലിയിലൂടെയുള്ള ബഹു. അച്ചന്റെ അവതരണം യുവജനങ്ങൾക്ക് ഹൃദയസ്പർശിയായിരുന്നു. ഹൃദയപൂർവം നടത്തിയ പങ്കുവയ്ക്കലുകൾ സൗഹൃദതീരത്തെ സ്നേഹകൂട്ടായ്മയാക്കി മാറ്റി. ചെറുമഴയുടെ കുളിർമയിൽ മണൽപ്പരപ്പിൽ ആവശേമുണർത്തിയ വ്യത്യസ്തമായ കളികൾ ഈ യുവജനകൂട്ടായ്മയെ അവിസ്മരണീയമാക്കി. അറബിക്കടലിന്റെ ഓളങ്ങൾക്കനുസരിച്ച് ഉയർന്ന യുവത്വത്തിന്റെ താളവും മേളവും അസ്സീസിയൻ സൗഹൃദതീരത്തെ വ്യത്യസ്തമാക്കി. ജില്ലകളുടെ നേതൃത്വത്തിൽ വ്യത്യസ്തമായ രുചിവിഭവങ്ങൾ യുവജനങ്ങൾക്കായി നൽകി. ക്രമീകരണങ്ങൾക്ക് പാറശ്ശാല ഭദ്രാസന സമിതി നേതൃത്വം നൽകി. 150ഓളം യുവജനങ്ങൾ സൗഹൃദതീരത്തിൽ പങ്കാളികളായി.

**ആത്മ 2022**



മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതിയുടെ നേതൃത്വത്തിൽ ഭദ്രാസന-ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമം 2022 ഡിസംബർ 13, 14 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ സഭാതല യുവജനകമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് തിരുമേനി, മുൻചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി, ഫാ. തോമസ് കയ്യാലയ്ക്കൽ, ഫാ. മാത്യു കക്കാട്ടുപള്ളിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

പാറശ്ശാല ഭദ്രാസനത്തിലെ എല്ലാ ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സും പങ്കെടുത്തു.

## അസ്സീസിയൻ നതാലെ–2022

പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നടന്ന ഭദ്രാസനതല ക്രിസ്തുമസ് ആഘോഷം 2022 ഡിസംബർ 30 വെള്ളിയാഴ്ച് വൈകിട്ട് ഇടഞ്ഞി സാന്തോം കോളേജിൽ വച്ച് നടന്നു. കൾച്ചറൽ ഇവന്റ്സ്, ഫുഡ്ഫെസ്റ്റ്, മ്യൂസിക്കൽ ബാൻഡ് എന്നിവ ഉൾപ്പെടുന്ന ക്രിസ്തുമസ് നതാലെയുടെ ഉദ്ഘാടനം സാന്തോം കോളേജിന്റെ പ്രിൻസിപ്പാൾ റവ ഡോ. വിബിൻ ബർണാഡ് വലിയവിള വൈകിട്ട് 5.30 ന് നിർവഹിച്ചു. തുടർന്ന് നെയ്യാറ്റിൻകര ജീസസ്സ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ നടന്ന മ്യൂസിക്കൽ ബാൻഡ് ഏറെ ഹൃദ്യമായിരുന്നു. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി വൈദികജില്ലകളുടെ നേതൃത്വത്തിൽ യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ആഘോഷങ്ങളുടെ മുഖ്യാതിഥി ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കേക്ക് മുറിച്ച് ക്രിസ്തുമസ് സന്ദേശം നൽകി. രുചികരമായ വിഭവങ്ങളുമായി ഒരുക്കിയ അസ്സീസിയൻ തട്ടുകടയും, അസ്സീയൻ ടീ സ്റ്റാളും, വിവിധ കളികളുമായി അവതരിപ്പിച്ച അസ്സീസിയൻ ഗെയിംസും ക്രിസ്തുമസ് സംഗമത്തെ രുചികരവും ഹൃദ്യവും ആഹ്ലാദപ്രദവുമാക്കി തീർത്തു. മദർ കാരുണ്യ ഡി.എം. സഭാതല പ്രസിഡന്റ് ശ്രീമതി ഏയ്ഞ്ചൽ മേരി, ബഹു. വൈദികർ, ബഹു. സിസ്റ്റേഴ്സ്, എം.സി.വൈ.എം. മുൻകാല ഭാരവാഹികൾ, ഭക്തസംഘടനകളുടെ ഭദ്രാസനതല ഭാരവാഹികൾ എന്നിവർ വിശിഷ്ടാതിഥികളായി ക്രിസ്തുമസ് നതാലെയിൽ പങ്കെടുത്തു. ആഘോഷങ്ങളുടെ ഭാഗമായി നടന്ന ക്രിസ്തുമസ് ലക്കിടിപ്പിലൂടെ ആകർഷകമായ സമ്മാനങ്ങൾ യുവജനങ്ങൾക്ക് ലഭിച്ചു. 500 ഓളംപേർ പങ്കെടുത്ത അസ്സീസിയൻ നതാലെ പാറശ്ശാല യുവജന കുടുംബത്തിന്റെ സംഗമവേദിയായി മാറി. ഭദ്രാസന ഡയറക്ടർ ബഹു. ഫാ. പ്രഭീഷ് ജോർജ്ജ്, ഭദ്രാസന പ്രസിഡന്റ് ശ്രീ ശരത്‌ലാൽ റ്റി.എസ്. എന്നിവരുടെ നേതൃത്വത്തിലുള്ള ഭദ്രാസന സമിതി ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

# എം.സി.എ.



## അല്മായ സമ്മേളനം



മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ അല്മായ, കർഷക, ഉദ്യോഗസ്ഥ സംഗമം ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. അല്മായ സമ്മേളനം പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. അല്മായർ ഭൂമിയിലെ ഉപ്പായി മാറണമെന്നും ആധ്യാത്മികതയിൽ ഊന്നി നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ പ്രാമുഖ്യം നേടണമെന്നും അഭിവന്ദ്യ തിരുമേനി പറഞ്ഞു. ഉദ്യോഗസ്ഥ സംഗമം റവ. ഫാ. തോമസ് കോയിപ്പുറത്തും കർഷക സംഗമം റവ. ഫാ.തോമസ് പൊറ്റപുരയിടവും ഉദ്ഘാടനം ചെയ്തു. പങ്കെടുത്തവർക്ക് ഉദ്യോഗസ്ഥ, കർഷക അവാർഡുകൾ വിതരണം ചെയ്തു. സമ്മേളനത്തിൽ സിസ്റ്റർ മേഴ്സി തോമസ് ഡി.എം. പതാക ഉയർത്തി. ആമുഖപ്രഭാഷണം ഭദ്രാസന ഡയറക്ടർ

ഫാ. തോമസ് പൊറ്റപുരയിടം നടത്തി. പ്രസ്തുത സമ്മേളനത്തിൽ ഭദ്രാസന പ്രസിഡൻറ് ധർമ്മരാജ് പിൻകുളം അധ്യക്ഷത വഹിച്ചു. ഭദ്രാസന ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം സ്വാഗതവും സഭാതല ഡയറക്ടർ ഫാ. ജോൺ അരീക്കൽ സഭാതല പ്രസിഡന്റ് പോൾ രാജ് മാർത്താണ്ഡം, നിർമ്മലാ പ്രൊവിൻസ് സുപ്പീരിയർ ജനറൽ മദർ കാരുണ്യ ഡി.എം., ക്ഷേമ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, അഡ്വ. രാജയ്യൻ, സുമന ലാൽ, ജെസ്സി ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

## ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ



എം.സി.എ. നെയ്യാറ്റിൻകര വൈദികജില്ല കുട്ടികൾക്ക് വേണ്ടി ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി.

## മെമ്പർഷിപ്പ് ക്യാമ്പയിൻ, തെരഞ്ഞടുപ്പ്

മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിനും 2023 – 24 ലെ തെരഞ്ഞടുപ്പും സംഘടിപ്പിക്കുന്നു. യൂണിറ്റ് തലത്തിൽ 2022 ഡിസംബർ 4 വരെയും ജില്ലാതലത്തിൽ 2023 ജനുവരി 1 വരെയും ഭദ്രാസനതലത്തിൽ ജനുവരി 31 വരെയുമാണ് അവസാന തീയതികൾ. ഭദ്രാസനതല തെരഞ്ഞെടുപ്പ് പാറശ്ശാല കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് 2023 ജനുവരി 31 ന് നടത്തുന്നതാണ്. സഭാതല തെരഞ്ഞെടുപ്പ് 2023 ഫെബ്രുവരി 11, 12 തീയതികളിൽ ബത്തേരി ഭദ്രാസനത്തിൽ നടത്തുന്നതാണ്.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## അഗ്രിഗേഷൻ സർട്ടിഫിക്കറ്റ്



സൊസൈറ്റി ഓഫ് സെൻറ് വിൻസെന്റ് ഡി പോൾ പാറശ്ശാല സി.സിയിലെ 18 കോൺഫറൻസുകളുടെ അഗ്രിഗേഷൻ സർട്ടിഫിക്കറ്റ് നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് Z R മംഗൾ രാജിൽ നിന്നും സി.സി. പ്രസിഡന്റ് ഐ.വേലപ്പൻ സ്വീകരിച്ചു.



# Kshema Integrated Development Society (KIDS)

## തയ്യൽ മെഷീൻ വിതരണം




കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ സഹായത്തോടുകൂടെ കുടുംബഭാരം ഏറ്റെടുത്ത് നടത്തുന്ന ഏകസ്ഥരായിട്ടുള്ള 20 വനിതകൾക്ക് ഡിസംബർ മാസം 12-ാം തീയതി അമ്പിളികോണം ഇടവകയിൽ വച്ച് തയ്യൽ മെഷീൻ വിതരണം ചെയ്തു. അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് വിതരണോദ്ഘാടനം നിർവഹിച്ചു. ഫോറം ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് മാവുങ്കൽ അച്ചൻ അധ്യക്ഷ പ്രസംഗവും വിഷയാവതരണവും നടത്തി. ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ സ്വാഗതവും ഫാ. ജോൺ പുന്നാര നന്ദിയും പറയുകയുണ്ടായി. ആറു ദിവസം നീണ്ടുനിന്ന പരിശീലനത്തിനൊടുവിലാണ് സ്വയംതൊഴിൽ ചെയ്യുന്നതിനായി ഈ തയ്യൽ മെഷീൻ വിതരണം ചെയ്തിരിക്കുന്നത്.

## സജീവം - ലഹരിക്കെതിരെയുള്ള ക്യാമ്പയിൻ

ഭാരത കത്തോലിക്കാ സഭയുടെ സാമൂഹിക വികസന കേന്ദ്രമായ കാരിത്താസ് ഇന്ത്യയും കെ.സി.ബി.സിയും സംയുക്തമായി നടപ്പി




ലാക്കുന്ന സജീവം ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഉദ്ഘാടനം അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പി.ഒ.സിയിൽ വച്ച് നിർവഹിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി അധ്യക്ഷപദം അലങ്കരിച്ചു. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ പോൾ മൂഞ്ഞേലി, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോളി പുത്തൻപുര, പി.ഒ.സി. ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ തുടങ്ങിയവർ വേദിയിൽ സംസാരിക്കുകയുണ്ടായി. കെ.സി.ബി.സിയുടെ പ്രസിഡന്റും തിരുമേനിമാരും, എല്ലാ രൂപതകളിൽ നിന്നുള്ള വൈദികരും ഈ പരിപാടിയിൽ വന്ന് സംബന്ധിച്ചു. ഓരോ രൂപതകളിലും അതത് രൂപതകളിലെ മറ്റ് ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചാണ് ഈ ലഹരി വിരുദ്ധ ക്യാമ്പയിൻ നടപ്പിലാക്കേണ്ടത്. പ്രത്യേകിച്ച് സൺഡേസ്കൂൾ, യുവജന വിഭാഗം, അല്മായ വിഭാഗം, വിദ്യാഭ്യാസ വിഭാഗം ഇവരുമാ യെല്ലാം സഹകരിച്ചാണ് സജീവം എന്ന് പേരുള്ള ഈ ക്യാമ്പയിൻ നടപ്പിലാക്കേണ്ടത്. പാറശ്ശാല ഭദ്രാസനത്തിലും ഇതിന്റെ ആലോച നകൾ നടന്നുവരുന്നു.

## തൊഴിൽ പരിശീലനങ്ങൾ

പാറശ്ശാല ഭദ്രാസനത്തിലെ ക്ഷേമയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘാംഗങ്ങൾക്കായി സ്വയംതൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ചു. നിലവിൽ തിരുവല്ലം, ചാരോട്ടുകോണം, അമ്പിളി കോണം ഇടവകകളിൽ വച്ച് പരിശീലന പരിപാടികൾ നടത്തി. സോപ്പ് നിർമ്മാണം, ഡിറ്റർജന്റ് നിർമ്മാണം, കുട നിർമ്മാണം, പേപ്പർ ബാഗ്





നിർമ്മാണം, കേക്ക് നിർമ്മാണം, തയ്യൽ പരിശീലനം ഇവയൊക്കെയാണ് സ്വയം തൊഴിൽ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് പരിശീലനങ്ങളിൽ ആയി നൂറ്റമ്പതിലധികം വനിതകൾ തൊഴിൽ പരിശീലനം സിദ്ധിച്ചു.

## ലഹരിക്കെതിരെയുള്ള ബോധവൽക്കരണം



തിരുവല്ലം തിരുഹൃദയ ഇടവകയിൽ വച്ച് ലഹരിക്കെതിരെയുള്ള ഒരു ബോധവൽക്കരണ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. വാർഡ് കൗൺസിലർ ശിവൻകുട്ടി, തിരുവല്ലം പോലീസ് സ്റ്റേഷൻ സി. ഐ എന്നിവർ പരിപാടിയിൽ വന്ന് സംബന്ധിച്ചു. കോർപ്പറേഷനുമായി സഹകരിച്ചാണ് ഈ ശിൽപ്പശാല നടത്തിയത്.

## സന്യാസിനികൾക്കായുള്ള ശില്പശാല




പാറശ്ശാല ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനികൾക്കായി സാമൂഹിക വികസന ഇടപെടലുകളെക്കുറിച്ച് ഒരു ശില്പശാല സംഘടിപ്പിച്ചു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്ത ശില്പശാല ഉദ്ഘാടനം ചെയ്തു. കേരള സോഷ്യൽ സർവീസ് ഫോറം മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റൊമാൻസ് ആന്റണി ക്ലാസുകൾക്ക് നേതൃത്വം നൽകി. മോൺ. സെലിൻ ജോസ് കോണത്തുവിള ശില്പശാലയ്ക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

## ലഹരി വിരുദ്ധ ശില്പശാല

ചെമ്പരത്തിവിള ഇടവകയിലെ അയൽക്കൂട്ട അംഗങ്ങളെ സംഘടിപ്പിച്ചു നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് ഒരു ലഹരി വിരുദ്ധ ശില്പശാല സംഘടിപ്പിച്ചു.

## വയോജന ദിനാചരണം


ക്ഷേമയുടെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ വയോജന ദിനാചരണം നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തി. ഇരുപതോളം വയോജനങ്ങൾ പരിപാടിയിൽ സംബന്ധിച്ച് അവരുടെ അനുഭവസാക്ഷ്യവും വ്യത്യസ്തമായ കലാപരിപാടികളും അവതരിപ്പിക്കുകയുണ്ടായി. ഇരുന്നൂറോളം വിദ്യാർത്ഥികളും ഈ പരിപാടിയിൽ സംബന്ധിച്ചു.

## മാതൃവേദി ക്രിസ്തുമസ് സംഗമം



മാതൃവേദി ക്രിസ്തുമസ് സംഗമം 2022 ഡിസംബർ 18-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചെമ്പൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. സംഗമത്തിൽ ഭദ്രാസന സമിതിയും ജില്ലാ സമിതി അംഗങ്ങളും ജില്ലാ ഡയറക്ടർ അച്ചന്മാരും സിസ്റ്റർ ആനിമേറ്റർമാരും പങ്കെടുത്തു. ഭദ്രാസന പ്രസിഡന്റ് ശ്രീമതി സിനി ബിനു അധ്യക്ഷനായിരുന്നു. ഭദ്രാസന ഡയറക്ടർ ഫാ. ജോസ് പാറയിൽകട സ്വാഗതം ചെയ്തു. ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത കേക്ക് മുറിച്ച് സംഗമം ഉദ്ഘാടനം ചെയത് ക്രിസ്തുമസ് സന്ദേശം നൽകി.

തുടർന്ന്, 5 വൈദിക ജില്ലയും വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അതെത്തുടർന്ന് ജില്ലാ സമിതിയുടെ ക്രിസ്തുമസ് കരോൾ ഗാനമത്സരം നടന്നു. മത്സരത്തിൽ കാട്ടാക്കട വൈദിക ജില്ല ഒന്നാം സ്ഥാനവും ബാലരാമപുരം വൈദിക ജില്ല രണ്ടാം സ്ഥാനവും നേടി. ചെമ്പൂർ വൈദിക ജില്ലാ വികാരി ബഹു. സാജൻ പുത്തൻവീട് അച്ചൻ ആശംസ നേർന്നു, സമ്മാനങ്ങൾ നൽകി, ജില്ലയിലെ വൈദികരും പങ്കെടുത്തു. ക്രിസ്തുമസ് സംഗമത്തിന് ചെമ്പൂർ വൈദിക ജില്ലാ ഡയറക്ടർ ബഹു. ബോസ്കോ മോഹൻ അച്ചനും ജില്ലാ സമിതി ഭാരവാഹികളും വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# സുവിശേഷസംഘം

### ജപമാല മാസാചരണം

പാറശ്ശാല കൺവെൻഷന്റെ വിജയത്തിനായി, സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ നവംബർ മാസം 7 മുതൽ 11 വരെ തീയതികളിൽ കത്തീഡ്രൽ പളളിയിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഓരോ ദിവസവും ഓരോ വൈദിക ജില്ലയിലെ ജില്ലാ കോർഡിനേറ്റർമാരായിരുന്നു നേതൃത്വം നൽകിയത്. ‘’



# വിദ്യാഭ്യാസം

### KCTG സംസ്ഥാന സമ്മേളനം

ഈ വർഷത്തെ KCTG സംസ്ഥാന സമ്മേളനം 2023 ഫെബ്രുവരി 18 ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഫെബ്രുവരി 17 ന് പ്രതിനിധി സമ്മേളനം അവിടെ വച്ച് നടക്കും.

ഇതിന്റെ മുന്നോടിയായുള്ള സംസ്ഥാന സമ്മേളന സംഘാടക സമിതിയുടെ രൂപീകരണം 2023 ജനുവരി 7 ശനിയാഴ്ച രാവിലെ 10 മണിക്ക് പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കും.




എം. സി. എ. – അല്‍മായ, കര്‍ഷക, ഉദ്യോഗസ്ഥ സംഗമം
അഭിവന്ദ്യ തോമസ് മാര്‍ യൗസേബിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു



എം. സി. വൈ. എം. – അസ്സീസിയന്‍ സൗഹൃദതീരം



2022 ഡിസംബര്‍ മാസം 2, 3 തീയതികളില്‍ കൊടങ്ങാവിളയില്‍ വച്ച് നടന്ന
വിവാഹ ഒരുക്ക സെമിനാറില്‍ പങ്കെടുത്തവര്‍

Design & Layout : Syam, Nia Graphics, Chowara 9747 044 811



പാറശ്ശാല ഭദ്രാസന വൈദികരുടെ ധ്യാനത്തിൽ പങ്കെടുത്ത ബഹുമാനപ്പെട്ട വൈദികർ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം

Printed and Published by Very Rev. Fr. Bijoy Ooralivila (*Chancellor*)
Diocese of Parassala, Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502